LIBRARY ARCHIVES Kerala Legislative Assembly

പോലീസ് വകുപ്പിൽ വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി

193 (2063) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി നടപ്പിലാക്കി തുടങ്ങിയോ ; എങ്കിൽ എത്ര കുറ്റകൃത്യങ്ങളുടെ വിവരം ഇതുവരെ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കേസ്സുകൾ സംബന്ധിച്ച വിവരങ്ങളാണ് ഇങ്ങനെ ലഭിച്ചത് ; വിവരങ്ങൾ നല്കിയതിനു പ്രതിഫലം നൽകിയിട്ടുണ്ടെങ്കിൽ എത്ര രൂപ വീതം ഏതെല്ലാം കേസ്സുകൾക്ക് നൽകിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി പോലീസ് വകുപ്പിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ. ക്രിസ്റ്റഫർ ചാൾസ് രാജ് ഐ.പി.എസ്., സൂപ്രണ്ട് ഓഫ് പോലീസ്, സെക്യൂരിറ്റി, SBCID-യെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. രഹസ്യസ്വഭാവം സൂക്ഷിക്കേണ്ടതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

പോലീസ് ഉദ്യോഗസ്ഥരുടെ ക്രിമിനൽ കുറ്റം

194 (2064) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിലാണ് ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഓരോരുത്തരുടേയും റാങ്ക് അനുസരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(സി) ഇതിൽ എത്രപേരെയാണ് സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുള്ളത് ;

(ഡി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാർ എത്ര ; ഇവരുടെ പേരിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.